ഹദീഥ് 13
ദന്ത ശുദ്ധീകരണം

عَنْ أَبِي هُرَيْرَةَ عَنْ رَسُولِ اللَّهِ ﷺ قالَ : "لَوْلا أنْ أشُقَّ عَلى أُمَّتِي لَأَمَرْتُهُمْ بِالسِّواكِ مَعَ كُلِّ وُضُوءٍ" (أخْرَجَهُ مالِكٌ، وأحْمَدُ، والنَّسائِيُّ، وصَحَّحَهُ ابْنُ خُزَيْمَة)

നബി (ﷺ) പറഞ്ഞു: എന്റെ സമുദായത്തിന് ഞാൻ ഞെരുക്കമുണ്ടാക്കുന്നുവെന്ന ഭയം എനിക്ക് ഇല്ലായിരുന്നുവെങ്കിൽ എല്ലാ വുദ്വുവിന്റെ കൂടെയും ദന്തശുദ്ധി ചെയ്യൽ നിർബന്ധമാക്കുമായിരുന്നു.

ഹദീസിന്റെ റാവി? അബുഹുറൈറ (رَضِيَ اللهُ عَنْهُ)

ഹദീസ് പഠിപ്പിക്കുന്നത്

ഇസ്ലാം ശുദ്ധിയെ പ്രോത്സാഹിപ്പിക്കുന്ന മതമാണ്. എല്ലാ നന്മകളും ഇസ്ലാം പഠിപ്പിച്ചിട്ടുണ്ട്. എല്ലാ തിന്മകളും ഇസ്ലാം എതിർക്കുന്നു. ഇസ്ലാം നന്മയാണ് എന്ന് പഠിപ്പിച്ചത് തിന്മായാണ് എന്ന് ആർക്കും പറയാൻ സാധ്യമല്ല.നമ്മുടെ ശരീരം വൃത്തിയായി സൂക്ഷിക്കണം. നാം ധരിക്കുന്ന വസത്രം, നമ്മുടെ അവയവങ്ങൾ എല്ലാം വൃത്തിയായ സൂക്ഷിക്കണം. ഫിത്റത്തിന്റെ ഭാഗമായി നബി (ﷺ) പഠിപ്പിച്ച കാര്യമാണ് ഇന്നത്തെ ഹദീസിൽ പഠിക്കുന്നത്.

പല്ലു തേക്കുക

ദന്തങ്ങളിലും വായയിലും അള്ളിപ്പിടിച്ചിരിക്കുന്ന ഭക്ഷണ പദാർത്ഥങ്ങളും വാസനകളും പോക്കുന്നതിനു വേണ്ടി കൊള്ളിക്കഷ്ണമോ മറ്റോ ഉപയോഗിക്കുന്നതാണ് സിവാക്.ഇസ്ലാമിൽ ഏറെ പുണ്യമുള്ള വലിയ പ്രതിഫലാർഹമായ ഒരു കർമ്മമാണ് മിസ്വാക് ചെയ്യൽ അഥവാ പല്ല് തേക്കൽ.സത്യവിശ്വാസികളിൽ പലരും ഇതൊരു عــادة

(പതിവ്) എന്ന രീതിയിൽ നിർവ്വഹിക്കുന്നുവെന്നതിലുപരി ഇത് പ്രബലമായ ഒരു സുന്നത്താണെന്ന ചിന്തയിൽ നിർവ്വഹിക്കാറില്ല. അതുകൊണ്ടു തന്നെ അല്ലാഹുവിൽ നിന്നുള്ള ധാരാളം പ്രതിഫലം അവർക്ക് നഷ്ടപെടുന്നുണ്ട്. കാരണം നിയത്തനുസരിച്ചാണ് അല്ലാഹു പ്രതിഫലം നൽകുന്നത്.

മിസ്വാക് ചെയ്യുന്നതിന്റെ വിധി

ചില പണ്ഡിതൻമാർ മിസ്വാക് ചെയ്യൽ നിർബന്ധമാണെന്ന് അഭിപ്രായപെട്ടിട്ടുണ്ടെങ്കിലും പ്രബലമായ അഭിപ്രായം അത് ശക്തമായ സുന്നത്താണെന്നാണ്.

ഇമാം ശാഫീഈ (رحمه الله) പറഞ്ഞു;

فِيهِ دَلِيلٌ عَلى أنَّ السِّواكَ لَيْسَ بِواجِبٍ لَوْ كانَ واجِبًا لَأمَرَهُمْ بِهِ شَقَّ أوَ لَمْ يَشُقَّ

മിസ്വാക് ചെയ്യൽ നിർബന്ധമല്ലെന്ന് ഇതിൽ തെളിവുണ്ട്. അത് നിർബന്ധമായിരുന്നുവെങ്കിൽ അത് അവരോട് കൽപ്പിക്കുമായിരുന്നു, അതവർക്ക് പ്രയാസമുണ്ടാക്കിയാലും അല്ലെങ്കിലും.

ഇമാം നവവി(رحمه الله) പറഞ്ഞു:

فالسِّواكُ سُنَّةٌ لَيْسَ بِواجِبٍ هَذا مَذْهَبُنا ومَذْهَبُ العُلَماءِ كافَّةً إلّا ما حَكى الشَّيْخُ أبُو حامِدٍ

മിസ്വാക് ചെയ്യൽ സുന്നത്താണ്. അത് നിർബന്ധമല്ല. ഇതാകുന്നു നമ്മുടെ മദ്ഹബ്. മുഴുവൻ പണ്ഡിതൻമാരുടെയും മദ്ഹബ്. (അൽ മജ്മൂഅ്)

മിസ്വാക് ചെയ്യലിന്റെ പ്രാധാന്യം

وعَـنْ أنَـسٍ قـالَ: قـالَ رَسُـولُ الـلَّهِ عَـلَيْهِ وسَـلَّمَ : "أُمِـرْتُ بِالسِّواكِ حَتّى خَشِيتُ أنْ أدْرَدَ. أوْ حَتّى خَشِيتُ عَلى لَثَتِي وأسْنانِي"

നബി (ﷺ) പറഞ്ഞു:ജിബ്രീൽ എന്നോട് മിസ്വാക് ചെയ്യു ന്നതിനെ കുറിച്ച് കൽപ്പിച്ചു, അങ്ങനെ എന്റെ പല്ലുകൾ കൊഴിഞ്ഞു പോകുമെന്ന് ഞാൻ ഭയപ്പെട്ടു. (സ്വഹീഹുൽ ജാമിഅ് – ശൈഖ് അൽബാനി)

മിസ്വാക് ചെയ്യൽ.അൽ ഫിത്വറ–ശുദ്ധപ്രകൃതി (ചര്യകൾ) യാണ്

عَنْ عَائِشَةَ، قَالَتْ قَالَ رَسُولُ اللَّهِ صلى الله عليه وسلم : "عَشْرٌ مِنَ الْفِطْرَةِ قَصُّ الشَّارِبِ وَإِعْفَاءُ اللِّحْيَةِ وَالسِّوَاكُ وَاسْتِنْشَاقُ الْمَاءِ وَقَصُّ الأَظْفَارِ وَغَسْلُ الْبَرَاجِمِ وَنَتْفُ الإِبْطِ وَحَلْقُ الْعَانَةِ وَانْتِقَاصُ الْمَاءِ. قَالَ زَكَرِيَّاءُ قَالَ مُصْعَبٌ وَنَسِيتُ الْعَاشِرَةَ إِلاَّ أَنْ تَكُونَ الْمَضْمَضَةَ . زَادَ قُتَيْبَةُ قَالَ وَكِيعٌ انْتِقَاصُ الْمَاءِ يَعْنِي الاِسْتِنْجَاءَ"

ആയിശയിൽ (رَضِـــيَ اللهُ عَــنْهَا) നിന്ന് നിവേദനം: നബി (ﷺ) പറഞ്ഞു: പത്തു കാര്യം നബിമാരുടെ ചര്യകളിൽ പെട്ടതാ കുന്നു.

- മീശ വെട്ടുക
- താടി വളർത്തുക
- മിസ്വാക് ചെയ്യൽ
- (വുളൂവിൽ) മൂക്കിൽ വെള്ളം കയറ്റുക
- നഖം വെട്ടുക

- കൈകാലുകളുടെ സന്ധികൾ കഴുകുക
- രോമം പറിക്കുക
- ഗുഹ്യഭാഗത്തെ രോമങ്ങൾ കളയുക
- ശൗച്യം ചെയ്യുക

റിപ്പോർട്ടർ പറയുന്നു: പത്താമത്തേത് ഞാൻ മറന്നുപോയി. അത് വായകഴുകലായേക്കാം. (മുസ്ലിം)

അല്ലാഹുവിന് തൃപ്തിയുള്ള കാര്യം

عَنْ عَائِشَةَ، عَنِ النَّبِيِّ صلى الله عليه وسلم قَالَ : " السِّوَاكُ مَطْهَرَةٌ لِلْفَمِ مَرْضَاةٌ لِلرَّبِّ"

ആയിശയിൽ (رَضِيَ اللهُ عَنْهَا) നിന്ന് നിവേദനം: നബി (ﷺ) പറഞ്ഞു: മിസ്വാക് ചെയ്യൽ വായക്ക് ശുദ്ധീകരണവും അല്ലാഹുവിന് തൃപ്തിയുള്ള കാര്യവുമാണ്. (നസാഇ)

നിരവധി ഹദീഥുകളിൽ സ്ഥിരപ്പെട്ടു വന്നിട്ടുപോലും, മതത്തിൽ അവഗാഹമുള്ളവർ ഉൾപ്പടെയുള്ള ബഹുഭൂരിഭാകം ആളുകളും അവഗണിച്ചുകൊണ്ടിരിക്കുന്ന ഈ ഒരു സുന്നത്തിന്റെ കാര്യം വല്ലാത്ത അത്ഭുതം തന്നെ. ഇതൊരു വമ്പിച്ച പരാജയ മാണ്.

ചില സന്ദർഭങ്ങളിൽ മിസ്വാക് ചെയ്യൽ ശക്തമായ സുന്നത്താണ്. ഉറക്കമുണരുക, വായക്കു മണപ്പകർച്ചയുണ്ടാവുക, ക്വുർആൻ പാരായണം, നമസ്കരിക്കുവാനൊരുങ്ങുക, പള്ളിയിൽ പ്രവേശിക്കുക, വീട്ടിൽ പ്രവേശിക്കുക, ഉറങ്ങാൻ കിടക്കുമ്പോൾ.

ഇമാം ശാഫി رحمه الله പറഞ്ഞു:

أربعة تزيد في العقل: ترك الفضول من الكلام، السواك، مجالسة الصالحين، مجالسة العلماء

നാല് കാര്യങ്ങൾ ബുദ്ധിയെ വർദ്ധിപ്പിക്കും, ഉപകാരമി

ല്ലാത്ത സംസാരം ഒഴിവാക്കൽ, പല്ല് തേക്കൽ, സജ്ജനങ്ങളുമായി സഹവസിക്കൽ, ഉലമാക്കളുമായി സഹവസിക്കൽ, 'മിസ്വാക്'.